**D 93505** **(Pages : 2)** **Name.......................................**

**Reg. No...................................**

# FIRST SEMESTER P.G. DEGREE EXAMINATION, NOVEMBER 2020

(CCSS)

Malayalam

MAL 1C 04—MALAYALAM GRAMMAR

(2019 Scheme)

Time : Three Hours Maximum : 80 Marks

I. ഏതെങ്കിലും **നാലു** ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1 തൽപ്പുരുഷ സമാസത്തിന്റെ സവിശേഷത വിശദമാക്കുക.

2 'നന്നൂലി'ന്റെ രചനാപരമായ പ്രത്യേകതകൾ വ്യക്തമാക്കുക.

3 മലയാളത്തിലെ അക്ഷരമാലയുടെ സ്വഭാവം എഴുതുക.

4 മലയാളത്തിലെ ലിംഗവിഭജനം യുക്തിസഹമാണോ ? വ്യക്തമാക്കുക.

5 സംസ്കൃതത്തിലെ ഉപസർഗ്ഗങ്ങളുടെ ധർമ്മമാണോ ഭാഷയിലെ അനുപ്രയോഗങ്ങൾ നിർവഹിക്കുന്നത് ? വ്യക്തമാക്കുക.

6 കാരകകൃത്ത് എന്തെന്ന് വിശദമാക്കുക.

7 "സംഖ്യാവിശേഷണം ചേർന്നാൽ
ക്ലീബേ വേണ്ട ബഹുക്കുറി"
—സാധുത വ്യക്തമാക്കുക.

(4 × 2 = 8 marks)

II. ഏതെങ്കിലും **നാലു** ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 വിഭക്ത്യാഭാസത്തെ വിലക്ഷണവിഭക്തി എന്ന് വിളിക്കാനാവുമോ ? വിശദീകരിക്കുക.

9 കാരകത്തെ നിർവചിച്ച് പ്രധാന കാരകങ്ങൾ ഏവയെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.

10 വാക്യത്തെ നിർവചിച്ച് വിവിധതരം വാക്യങ്ങളുടെ രൂപീകരണതത്ത്വം വിവരിക്കുക.

11 മലയാളത്തിലെ പ്രധാന വ്യാകരണ കൃതികളെ പരിചയപ്പെടുത്തുക.

12 ഭാഷയിലെ ക്രിയാവിശേഷണത്തെപ്പറ്റി വൈയാകരണന്മാർ പറഞ്ഞിട്ടുള്ള വസ്തുതകൾ ക്രോഡീകരിക്കുക.

13 മലയാളത്തിലെ നിഷേധ വാക്യ നിർമ്മാണത്തെപ്പറ്റി വിവരിക്കുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 കേരളപാണിനീയത്തിലെ സന്ധി വിശകലനത്തെ നിരൂപണം ചെയ്യുക. ലീലാതിലകവുമായി അവ എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിക്കുക.

15 വർത്തമാനകാല പ്രത്യയം അനുപ്രയോഗനിഷ്പന്നമാണെന്ന അഭിപ്രായത്തിന്റെ സാധുത വിശകലനം ചെയ്യുക.

16 പ്രകാരം എന്നൊരിനത്തെ വ്യാകരണത്തിൽ പരിഗണിക്കേണ്ടി വരുന്ന സാഹചര്യം വ്യക്തമാക്കി പ്രധാന പ്രകാരങ്ങളെപ്പറ്റി ഉപന്യസിക്കുക.

17 കേരള പാണിനീയത്തിലെ ശബ്ദവിഭജനം നിരൂപണദൃഷ്ട്യാ വിശകലനം ചെയ്യുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**D 93504**

Name.....................................

Reg. No..................................

## FIRST SEMESTER P.G. DEGREE EXAMINATION, NOVEMBER 2020

(CCSS)

Malayalam

MAL 1C 03—KERALA–REGION AND CULTURE (കേരളം : ദേശവും സംസ്കാരവും)

(2019 Scheme)

Time : Three Hours | Maximum : 80 Marks

I. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് അരപ്പേജിൽ കവിയാതെ ഉത്തരമെഴുതുക.

1 മഹാശിലാസംസ്കാരം എന്നാൽ എന്ത് ? പരിചയപ്പെടുത്തുക.

2 പഴന്തമിഴ് പാട്ടുകൾ അക്കാലത്തെ സ്ത്രീജീവിതത്തെക്കുറിച്ച് എന്തെല്ലാം വിവരങ്ങളാണ് നൽകുന്നത് ?

3 കേരളത്തിലെ വൈദ്യപാരമ്പര്യത്തെക്കുറിച്ച് ഒരു ലഘുവിവരണം എഴുതുക.

4 കേരളീയ ഗണിതശാസ്ത്ര പാരമ്പര്യത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

5 കേരളത്തിലെ പ്രാചീന തുറമുഖങ്ങളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

6 നമ്പൂതിരി യോഗക്ഷേമ സഭയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.

7 ഖിലാഫത്ത് പ്രസ്ഥാനത്തിന് കേരളചരിത്രത്തിലുള്ള പ്രാധാന്യം വ്യക്തമാക്കുക.

(4 × 2 = 8 marks)

II. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 ജൈനമതം കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ ചെലുത്തിയ സ്വാധീനങ്ങൾ വിശദീകരിക്കുക.

9 സഹോദരൻ അയ്യപ്പൻ കേരളീയ നവോത്ഥാനത്തിന് നൽകിയ സംഭാവനകൾ എന്തൊക്കെയാണ് ?

10 മിഷനറിമാർ ഭാഷയ്ക്കു നൽകിയ സേവനങ്ങൾ എന്തെല്ലാം ?

11 ഉപഭോഗസംസ്ക്കാരം എന്നാൽ എന്ത് ? സവിശേഷതകൾ പരിചയപ്പെടുത്തുക.

12 കേരളത്തിൽ ജന്മിസമ്പ്രദായം ആവിർഭവിച്ചതെങ്ങനെയെന്ന് പരിശോധിക്കുക.

13 ഇസ്ലാം മതത്തിന്റെ കലാപരമായ സംഭാവനകൾ എന്തൊക്കെയാണ് ? വിവരിക്കുക.

(4 × 10 = 40 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ആറു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

14 മഹോദയപുരത്തെ കുലശേഖരന്മാർ കേരളത്തിന്റെ ചരിത്രത്തിനും സംസ്കാരത്തിനും നൽകിയ സംഭാവനകൾ വിലയിരുത്തുക.

15 ദേശീയപ്രസ്ഥാനം കേരളസമൂഹത്തിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് വിവരിക്കുക.

16 ഐക്യ കേരള പ്രസ്ഥാനത്തെക്കുറിച്ച് ഉപന്യസിക്കുക.

17 സംഘകാലത്തെ കലാസാംസ്കാരിക പുരോഗതിയെക്കുറിച്ച് വിശദീകരിക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**D 93503** **(Pages : 2)** **Name.......................................**

**Reg. No...................................**

## FIRST SEMESTER P.G. DEGREE EXAMINATION, NOVEMBER 2020

(CCSS)

Malayalam

### MAL 1C 02—MODERN POETRY (ആധുനിക കവിത)

(2019 Scheme)

Time : Three Hours Maximum : 80 Marks

I. ഏതെങ്കിലും **നാലു** ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1 "ഉഴന്ന പാന്ഥപ്പരിഷയ്ക്കനർത്ഥദൻ
സദാലസൻ, പാമ്പിനു സദ്യ നൽകുവോൻ
സുഗുപ്തമേലം കവരുന്ന തസ്കരൻ
കവീശ്വരർക്കെങ്ങനെ ചെല്ലമായ് നീ"

—വ്യാഖ്യാനിക്കുക.

2 "അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നേ വേണ്ടൂ"

—വക്താവിന്റെ മനോഗതമെന്തെന്ന് വിശദമാക്കുക.

3 "ഏകമൂലശ്രുതിയിലീ നാനാജീവസ്വരങ്ങളെ
യാകലനം ചെയ്യും ധീരഗാനമെൻ ഗാനം"

—സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

4 "ഭൂമിയുടെ കാന്തികവടക്കും തെക്കും
ആയിരം വർഷത്തിലൊരിക്കൽ
മാറിമറിയുന്നുണ്ടെന്നറിയാമോ"

—ആരോടാണ് ഈ ചോദ്യം ? ഇതിന്റെ പൊരുളെന്ത് ?

5 "എന്നിച്ഛാക്രിയാജ്ഞാനശക്തികളുരുക്കൂട്ടി
വന്നതാണന്നാടൊരു മുനിപുത്രൻ തൻ സ്വപ്നം"

—ആ സ്വപ്നത്തിന്റെ ഫലശ്രുതിയെന്തായിരുന്നു ?

CHMK LIBRARY UNIVERSITY OF CALICUT

**Turn over**

6 “ഇടറി വായിപ്പതിതത്രേ, ചോര, യാ-

നടുക്കത്തിൽ ലോകം ദുരൂഹമാം ലിപി”

—കവിക്ക് ഈ തിരിച്ചറിവുണ്ടായതെങ്ങനെ ?

7 “കണ്ണിലെച്ചോരവീഴും

പാതയിൽ നീ നിൽക്കുമ്പോൾ

കണ്ണിനെച്ചുംബിച്ചെന്നെ തോളിലേറ്റുമോ”

—ചോദ്യകർത്താവാര് ? വിവക്ഷയെന്ത് ?

(4 × 2 = 8 marks)

II. ഏതെങ്കിലും **നാലു** ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 സുഗതകുമാരിയുടെ കൃഷ്ണകവിതകളിൽ പ്രതിഫലിക്കുന്ന സാമൂഹികബോധമെന്തെന്ന് ‘ഗജേന്ദ്രമോക്ഷ’ത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

9 മലയാളത്തിലെ ഖണ്ഡകാവ്യപ്രസ്ഥാനത്തെക്കുറിച്ച് ഉപന്യസിക്കുക.

10 അതിജീവനത്തിന്റെ രാഷ്ട്രീയം ഉന്നയിക്കുന്ന കവിതയാണ് ഇടശ്ശേരിയുടെ ‘നെല്ലുകുത്തുകാരി പ്പാറുവിന്റെ കഥ’—നിരൂപിക്കുക.

11 ‘രാവണപുത്രി’ എന്ന കവിതയുടെ ആശയതലത്തിന്റെ വ്യതിരിക്തതയെന്ത് ?

12 സംഗീതകലയുടെ സർവാതിശായിത്വമാണ് ‘നിലാവിന്റെ ഗീത’ത്തിലെ പ്രതിപാദ്യം—ഉപപാദിക്കുക.

13 അനുഭവതീവ്രതയും സവിശേഷമായ പ്രതീകവിന്യാസവും കൊണ്ട് വേറിട്ടു നിൽക്കുന്നവയാണ് ഡി. വിനയചന്ദ്രന്റെ കവിതകൾ—സമർത്ഥിക്കുക.

(4 × 10 = 40 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ആറു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

14 ആധുനിക കവിത്രയം മലയാള കവിതയുടെ ദിശാവ്യതിയാനത്തിൽ നിർണായക ശക്തിയായതെങ്ങനെ യെന്ന് വിശദമാക്കുക.

15 നവീന കവിതയുടെ സവിശേഷതകളും അതു നേരിട്ട വിമർശനങ്ങളും വിവരിക്കുക.

16 കൊച്ചുതൊമ്മൻ, ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, ബംഗാൾ എന്നീ കവിതകളിലെ പ്രമേയ-ആഖ്യാനതലങ്ങളെ താരതമ്യം ചെയ്യുക.

17 ആധുനികാനന്തര കവിതയിലെ ദളിത് സമീപനത്തിന്റെ കൈവഴികൾ പഠനവിധേയമാക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**D 93502** **(Pages : 2)** **Name.......................................**

**Reg. No...................................**

## FIRST SEMESTER P.G. DEGREE EXAMINATION, NOVEMBER 2020

(CCSS)

Malayalam

MAL 1C 01—ANCIENT-MEDIEVAL POETRY (പ്രാചീന മധ്യകാലകവിത)

(2019 Scheme)

Time : Three Hours Maximum : 80 Marks

CHMK LIBRARY UNIVERSITY OF CALICUT

I. അരപ്പേജിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

1 അല്ലിമലർക്കാവിൽ കൂത്തു കാണാൻ പോകാനാഗ്രഹം പ്രകടിപ്പിച്ച ഉണ്ണിയാർച്ചയെ ഭർത്തൃമാതാവ് വിലക്കുന്നതെന്തു കൊണ്ടാണ് ?

2 കൈപ്പവല്ലിയുടെ പൈതങ്ങളെ ചേലപ്പറമ്പു നമ്പൂതിരി വർണ്ണിച്ചിരിക്കുന്നതെപ്രകാരമാണ് ?

3 ''രണ്ടു കൊണ്ടുമുണ്ടായോണം സുഖവും തൃപ്തിയും കീഴി

ലുണ്ടായിട്ടില്ലൊരിക്കലുമെനിക്കു സഖേ! ''

—സാരസ്യം വ്യക്തമാക്കുക.

4 ചൂതുകളിയിൽ ഏർപ്പെട്ട നളനുണ്ടായ ഭാവമാറ്റങ്ങൾ ഏവ ?

5 'തമ്പുരാനും പുലിയിയും' എന്ന കൃഷിപ്പാട്ടിന്റെ പ്രമേയപരമായ പ്രത്യേകതയെന്ത് ?

6 ഹേമന്താഗമനം കൃഷ്ണഗാഥയിൽ വർണ്ണിച്ചിരിക്കുന്നതെങ്ങനെയെന്ന് ചുരുക്കിയെഴുതുക.

7 അറബി മലയാളത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

8 ഒരു ജനകീയ ഗാന മഹാകാവ്യമെന്ന നിലയിൽ രാമകഥപ്പാട്ടിന്റെ സവിശേഷതകൾ വിലയിരുത്തുക.

9 'ദേശാഭിമാനത്തിന്റെയും ഭാഷാഭിമാനത്തിന്റെയും ഉത്തമ ഉദാഹരണം കൂടിയാണ് ജ്ഞാനപ്പാന' —ചർച്ച ചെയ്യുക.

10 സീതയെ വശപ്പെടുത്തിയെടുക്കാനുള്ള രാവണന്റെ പ്രലോഭനങ്ങൾ, ഭാഷാരാമായണം ചമ്പുവിനെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

11 നളചരിതം രണ്ടാം ദിവസത്തെ മുൻനിർത്തി പ്രസ്തുത ആട്ടക്കഥയിലെ നാടകീയതയെക്കുറിച്ച് വിശകലനം ചെയ്യുക.

12 പച്ച മലയാള പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്നതിൽ 'കോമപ്പൻ' എന്ന കൃതിയുടെ സാധുത എത്രത്തോളമുണ്ടെന്ന് പരിശോധിക്കുക.

13 പ്രാചീന ചമ്പുകളുടെ പ്രത്യേകതകൾ ഉണ്ണിയാടീ ചരിതത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

(4 × 10 = 40 marks)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 കേരളീയ സാമൂഹിക ജീവിതത്തിന്റെ യഥാതഥമായ ചിത്രം നൽകുന്നതിൽ ഉണ്ണുനീലി സന്ദേശവും ഉണ്ണിയാടി ചരിതവും എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുക.

15 'ഇസ്ലാമിക നവോത്ഥാനത്തിന്റെ പുതിയ ശബ്ദമാണ് മാപ്പിളപ്പാട്ടുകളിൽ മുഴങ്ങിക്കേൾക്കുന്നത്'—ചർച്ച ചെയ്യുക.

16 നമ്പ്യാർ കൃതികളിൽ തെളിയുന്ന സാമൂഹിക വിമർശനം സത്യാസ്വയംവരം ഓട്ടൻതുള്ളലിനെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

17 പാട്ടു സാഹിത്യത്തിന്റെ ഭാഷാപരമായ പരിണാമം രാമചരിതം, കണ്ണശ്ശ രാമായണം എന്നീ കൃതികളിൽ പ്രകടമാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**D 93304** **(Pages : 2)** Name.....................................

Reg. No..................................

# FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2020

(CBCSS)

Malayalam

MAL 1C 04—MALAYALAM GRAMMAR

**(മലയാള വ്യാകരണം)**

(2019 Admissions)

Time : Three Hours Maximum : 30 Weightage

**General Instructions**

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

## Section A

*Answer any* **four** *questions.*
*Each question carriea 2 weightage.*

1. ആഗമിക വ്യാകരണവും വിവരണാത്മക വ്യാകരണവും തമ്മിലുള്ള വ്യത്യാസമെന്ത് ?
2. പാണിനീയം, തൊൽക്കാപ്പിയം—കുറിപ്പെഴുതുക.
3. കേരളപാണിനിയുടെ വിനാമക്രിയ എന്ന സങ്കല്പം നിരാക്ഷേപമാണോ ? പരിശോധിക്കുക.
4. "കർമ്മാർത്ഥം ക്ലീബനാമത്തിൽ
   സ്വയമേ സിദ്ധമാകയാൽ
   കരുതിത്താൻ പ്രയോഗിപ്പൂ
   പ്രതിഗ്രാഹികയായതിൽ"
   —വ്യാഖ്യാനിക്കുക.
5. 'അ'കാരത്തിന്റെ ധ്വനിമൂല്യം കേരളപാണിനി നിർണ്ണയിച്ചിരിക്കുന്നതെങ്ങനെ ?
6. ഭേദകം എന്നാൽ എന്ത് ? ഉപവിഭാഗങ്ങൾ ഏവ ?
7. വാക്യങ്ങളെ ചൂർണ്ണിക, സങ്കീർണ്ണം, മഹാവാക്യം എന്നിങ്ങനെ വർഗീകരിക്കുന്നതിന്റെ പ്രസക്തി എന്ത് ?

(4 × 2 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

## Section B

*Answer any* **four** *questions.*
*Each question carriea 3 weightage.*

8. മലയാളത്തിലെ അക്ഷര സംഖ്യയെക്കുറിച്ചുള്ള വിവിധ വൈയാകരണന്മാരുടെ നിലപാടുകൾ വ്യക്തമാക്കുക.
9. കേരളപാണിനിയുടെ സന്ധി വർഗ്ഗീകരണത്തിന്റെ ഗുണദോഷങ്ങൾ വിലയിരുത്തുക.
10. തദ്ധിതം എന്നാൽ എന്ത് ? എത്ര വിധം ? സോദാഹരണം വിവരിക്കുക.
11. മലയാള വിഭക്തികൾക്ക് പുതിയ പേരുകൾ കല്പിക്കുന്നതിന് കേരളപാണിനി കണ്ടെത്തിയ കാരണങ്ങൾ യുക്തിസഹമാണോ എന്ന് പരിശോധിക്കുക.
12. കാരകം എന്നാൽ എന്ത് ? കാരക വിഭാഗങ്ങൾ ഏതെല്ലാം ? സോദാഹരണം വിവരിക്കുക.
13. മലയാളത്തിലെ കാലവ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുക.
14. കേരള പാണിനീയം ആകാംക്ഷാധികാരത്തിന്റെ ഉള്ളടക്കം വിശകലനം ചെയ്യുക.

(4 × 3 = 12 weightage)

## Section C

*Answer any* **two** *questions.*
*Each question carriea 5 weightage.*

15. മലയാളത്തിലെ പ്രധാനപ്പെട്ട വ്യാകരണ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.
16. കേരള പാണിനിയുടെ പദവിഭാഗകല്പന വിമർശനദൃഷ്ട്യാ വിലയിരുത്തുക.
17. 'അം' ലിംഗപ്രത്യയമോ അംഗപ്രത്യയമോ ? വിവിധ വൈയാകരണന്മാരുടെ നിലപാടുകൾ വ്യക്തമാക്കി സ്വാഭിപ്രായം രേഖപ്പെടുത്തുക.
18. മലയാളത്തിലെ സമാസ രൂപവത്കരണത്തെക്കുറിച്ച് പുതിയ അന്വേഷണങ്ങൾ നടത്തുന്നതിന് ധാരാളം സാധ്യതകളുണ്ട് എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**D 93303** (Pages : 2) Name.....................................

Reg. No..................................

# FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2020

(CBCSS)

Malayalam

MAL 1C 03—KERALA – REGION AND CULTURE

**(കേരളം : ദേശവും സംസ്കാരവും)**

(2019 Admissions)

Time : Three Hours Maximum : 30 Weightage

## General Instructions

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

## Section A

*Answer any* **four** *questions.*
*Each question carriea 2 weightage.*

1. പ്രാചീന കേരള ചരിത്ര രചനയ്ക്ക് സഹായകമായ തമിഴ് കൃതികളെക്കുറിച്ച് കുറിപ്പെഴുതുക.
2. വാസ്തുവിദ്യ, ആയുർവ്വേദം, ജ്യോതിശ്ശാസ്ത്രം എന്നിവയെപ്പറ്റി ചെറുവിവരണം തയ്യാറാക്കുക.
3. കാവുകൾ കേരള സംസ്കാരത്തിൽ ചെലുത്തിയ സ്വാധീനമെന്ത് ?
4. കുലശേഖരന്മാരുടെ പതനത്തിനിടയാക്കിയ സാഹചര്യമെന്തെല്ലാം ?
5. ഐക്യ കേരള പ്രസ്ഥാനം – കുറിപ്പെഴുതുക.
6. ഡച്ചുകാരുടെ മതനയത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?
7. കേരളീയ നവോത്ഥാനത്തിന് കെ.പി. കറുപ്പൻ വഹിച്ച പങ്കെന്ത് ?

(4 × 2 = 8 weightage)

## Section A

*Answer any* **four** *questions.*
*Each question carries 3 weightage.*

8. കേരളീയ നവോത്ഥാനത്തിന് സ്ത്രീകൾ വഹിച്ച പങ്കിനെപ്പറ്റി വിലയിരുത്തുക.
9. മധ്യകാല കേരളത്തിലെ നാടുവാഴി സ്വരൂപങ്ങളുടെ ഘടനയെപ്പറ്റി വിവരിക്കുക.

Turn over

CHMK LIBRARY UNIVERSITY OF CALICUT

10. കേരളീയരുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തിൽ ക്ഷേത്രങ്ങൾക്കുള്ളപങ്കിനെപ്പറ്റി വിശകലനം ചെയ്യുക.

12. ജാതി വ്യവസ്ഥയുടെ ഉദ്ഭവത്തെപ്പറ്റി ഇളംകുളം, പി.കെ. ബാലകൃഷ്ണൻ, ഡോ.കെ.എൻ. ഗണേഷ് എന്നിവർ നല്കുന്ന വിവരങ്ങൾ ക്രോഡീകരിക്കുക.

13. 'വഴി പിഴച്ച മതനയമായിരുന്നു പോർട്ടുഗീസാധിപത്യത്തിന്റെ പതന കാരണം'—ശരിയോ ? പരിശോധിക്കുക.

14. ജന്മി സമ്പ്രദായത്തിന്റെ ഉത്ഭവ കാരണങ്ങൾ വ്യക്തമാക്കി, അതിനെ അധഃപതനത്തിലേക്കു നയിച്ച പരിതഃസ്ഥിതികളെപ്പറ്റി നിരൂപിക്കുക.

(4 × 3 = 12 weightage)

## Section A

*Answer any* **two** *questions.*
*Each question carries* 5 *weightagee.*

15. 'സംഘകാലത്തെ കേരളീയ സാമൂഹ്യ ജീവിതം സാംസ്കാരികമായി കേരളം ആർജിച്ചിരുന്ന ഔന്നത്യത്തിന്റെ ഉത്തമ നിദർശനമാണ്'—വിലയിരുത്തുക.

16. കൊളോണിയൽ അധികാരത്തിനെതിരെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ ചെറുത്തുനില്പുകളെ ക്കുറിച്ച് ഉപന്യസിക്കുക.

17. കേരളത്തിലെ പ്രാചീന തുറമുഖങ്ങളെക്കുറിച്ചും വ്യാപാരരീതികളെക്കുറിച്ചും വിശദീകരിക്കുക.

18. പ്രാചീന കേരളത്തിൻെറ ഭൂപ്രകൃതിയും ആവാസ വ്യവസ്ഥയും കേരള സംസ്കാര രൂപീകരണത്തിന് സഹായകരമായതെങ്ങനെ ?

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**D 93302** **(Pages : 2)** **Name..........................................**

**Reg. No....................................**

## FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2020

(CBCSS)

Malayalam

MAL 1C 02—MODERN POETRY **(ആധുനിക കവിത)**

(2019 Admissions)

**Time : Three Hours** **Maximum : 30 Weightage**

### General Instructions

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

### Section A

*Answer any* **four** *questions.*
*Each question carriea 2 weightage.*

1. "അന്യ ജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"
—ആശയമെന്ത് ?

2. "വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ ! ഭവച്ചിത്തം ;
വിശ്വപ്രിയമായ് നടനം ചെയ്‌വതു വിധേയ നെൻ കൃത്യം"
—ഇതിലടങ്ങിയ ലോക സ്വഭാവം വിശദമാക്കുക.

3. "നുണയുടെ തലനുള്ളി,
ത്തലയോടുമേന്തി ബ്ഭിക്ഷ-
യ്ക്കണെയും, ഹേ ! സ്നേഹഭിക്ഷോ ;
രുദ്രകപാലിൻ"
—സൂചിതകഥയെന്ത് ?

4. "മോചനം കിട്ടാഞ്ഞയ്യോ മുറയിട്ടാളേ ; മുക്തി-
സായനോപായം ഹന്ത ! മർത്ത്യന്നു ദൗർബല്യം താൻ"
—ആശയം വിശദമാക്കുക.

**Turn over**

CHMK LIBRARY UNIVERSITY OF CALICUT

5. 'നീ പക്ഷേ, ഞാനായ് മാറാം !' എപ്പോൾ ? വിശദമാക്കുക.

6. 'പോകസഖേ തേ സുഖരാത്രം ഭൂയാൽ !'—ഇവിടുത്തെ ഐറണിയുടെ സ്വഭാവമെന്ത് ?

7. "ഭാസ്കരീയ, മയമതയുഗ്മങ്ങൾ
കേട്ടു കൂട്ടു ചേർന്നൊപ്പം പഠിച്ചു ഞാൻ"
—പഠിച്ചതെന്തെല്ലാം ?

(4 × 2 = 8 weightage)

## Section B

*Answer any* **four** *questions.*
*Each question carriea 3 weightage.*

8. മലയവിലാസത്തിൽ കാല്പനികാംശം എത്രത്തോളമുണ്ടെന്ന് പരിശോധിക്കുക.

9. മനസ്വിനിയിൽ കവി പ്രകൃതിയെ വർണ്ണിക്കുന്നതെങ്ങനെ ?

10. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസത്തിലെ 'സ്വർഗ്ഗം' എന്ന ഭാഗത്തിന്റെ യുക്തിയെന്ത് ?

11. 'ഗജേന്ദ്രമോക്ഷം' കഥയ്ക്ക് കവിതയിലൂടെ കവയത്രി നല്കിയിരിക്കുന്ന പുതിയ വ്യാഖ്യാനങ്ങളെന്തെല്ലാം ?

12. സത്യവാങ്മൂലം എന്ന കവിത നിരത്തുന്ന സത്യത്തിന്റെ വിഭിന്നമുഖങ്ങൾ എന്തൊക്കെയാണ് ?

13. 'മേഘരൂപൻ' എന്ന ശീർഷകത്തിന്റെ ശൈലീപരമായ സാംഗത്യം പരിശോധിക്കുക.

14. 'ബഹുസ്വരതയാണ് വർത്തമാന കവിതകളുടെ ഏറ്റവും പ്രധാന സവിശേഷത'—കുടപ്പന, ആലപ്പുഴ വെള്ളം, കത്തി എന്നീ കവിതകളെ അടിസ്ഥാനമാക്കി വിവരിക്കുക.

(4 × 3 = 12 weightage)

## Section C

*Answer any* **two** *questions.*
*Each question carriea 5 weightage.*

15. 'കുതിരക്കൊമ്പ്' ഒരു വിപ്ലവ കവിതയാണെന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

16. ഗൃഹാതുരത്വം എന്ന അവസ്ഥ ഹൃദയസ്പർശിയായ രീതിയിൽ വൈലോപ്പിള്ളി 'ആസ്സാം പണിക്കർ' എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

17. നാടകീയ സ്വാഗതാഖ്യാനം എന്ന നിലയിൽ 'മഴുവിന്റെ കഥ'യെ വിലയിരുത്തുക.

18. "ശൈശവത്തിന്റെ മുഗ്ദ്ധമനോഹരമായ ഭാവത്തെ വർണ്ണിച്ചു ഫലിപ്പിക്കുന്നതിൽ വള്ളത്തോളിനുള്ള നൈപുണ്യം 'അച്ഛനും മകളും' എന്ന കൃതിയിൽ തെളിഞ്ഞു കാണുന്നുണ്ട്–ഉപന്യസിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**D 93301** (Pages : 3) Name.......................................

Reg. No...................................

# FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2020

(CBCSS)

Malayalam

MAL 1C 01—ANCIENT–MEDIEVAL POETRY

(2019 Admissions)

Time : Three Hours Maximum : 30 Weightage

## General Instructions

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

## Section A

*Answer any* **four** *questions.*
*Each question carriea 2 weightage.*

1. "പതിനെട്ടു കളരി നീ വെട്ടിപ്പൊളിക്കും
പത്തൊൻപതാം കളരി നിന്നന്തിയമാണേ"

—ആരുടെ വാക്കുകൾ ? സന്ദർഭമേത് ? വിശദമാക്കുക.

2. മലയിൽ മലങ്കുറവൻ പാണ്ഡവർക്കെതിരെ നടത്തിയ ക്ഷുദ്ര പ്രയോഗവും അതിന്റെ അനന്തരഫലവും എന്തായിരുന്നു ?

3. "ചാലുവാരത്തു പൂട്ടടിച്ചു
ചേറാടി വരുമ്പം
നെല്ലു കുത്തെടി കഞ്ഞി വയ്യടീ
ചാർത്തൂനപ്പുലയി"

വക്താവ്, സന്ദർഭം, ആശയം ഇവ വ്യക്തമാക്കുക.

4. "അപ്പോഴുദ്യൽക്കുള്ളുർമതിമുഖീ മേഘരാഗാധരോഷ്ഠീ
ചൂഴത്താഴും തിമിരചികുരാ ചാരുതാരാശ്രമാംബു :
കിഞ്ചിൽക്കാണും കുമുദഹസിതാ നൂനമെന്നുണ്ണുനീലീം
ക്രാമക്രീഡാരസവിലുളിതാം തന്നെയന്വേതിസന്ധ്യാ"

—സന്ദേശകാവ്യത്തിന്റെ അംഗിരസമായ വിപ്രലംഭശൃംഗാരത്തെ ഈ വരികൾ എത്രത്തോളം പ്രതിഫലിപ്പിക്കുന്നുണ്ടെന്ന് കണ്ടെത്തുക.

**Turn over**

CHMK LIBRARY UNIVERSITY OF CALICUT

5. "ചിന്നനാൾ മുന്നമക്കാലമമ്മുനിവരൻ

ചെയ്തപടി കേളിതിനൊരാന്മപെറുവാനായ് "

—മുനിവരൻ ചിന്നനാളിൽ (ചെറിയ പ്രായത്തിൽ) ചെയ്തത് എന്താണെന്ന് വിവരിക്കുക.

6. സത്യാസ്വയംവരത്തിനുള്ള ഒരുക്കങ്ങളെക്കുറിച്ച് കുഞ്ചൻ നമ്പ്യാർ വർണ്ണിച്ചിരിക്കുന്നതെങ്ങനെ ?

7. "പാഥസാംനിചയം വാർന്നൊഴിഞ്ഞളവു

സേതുബന്ധനോദ്യാഗമെന്തെടോ"

—ഈ പ്രസ്തുതത്തിലൂടെ സൂചിതമാകുന്ന അപ്രസ്തുത വൃത്താന്തം എന്താണ് ?

(4 × 2 = 8 weightage)

## Section B

*Answer any* **four** *questions.*
*Each question carriea 3 weightage.*

8. വടക്കൻ പാട്ടുകളിൽ തെളിയുന്ന പ്രാദേശിക സംസ്കൃതിയുടെ സവിശേഷതകൾ വെളിവാക്കുക.

9. രാമചരിതത്തിൽ നിന്ന് കണ്ണശ്ശ രാമായണത്തിലെത്തുമ്പോൾ പാട്ടു ഭാഷയ്ക്കു സംഭവിച്ച പരിണാമം എന്തെന്ന് വിശദമാക്കുക.

10. ഉണ്ണായി വാര്യരുടെ പാത്രസൃഷ്ടി വൈഭവത്തെക്കുറിച്ച് നളചരിതം രണ്ടാം ദിവസത്തെ കഥയെ മുൻനിർത്തി ഉപന്യസിക്കുക.

11. പാഠകത്തിനായി ഉപയോഗിച്ചതു കൊണ്ടാകണം മധ്യകാല ചമ്പുക്കളിൽ ഒട്ടേറെ കൂട്ടിച്ചേർക്കലുകൾ നടന്നിട്ടുണ്ട്–നിരൂപിക്കുക.

12. കുചേലവൃത്തത്തിലെ ഭാവസ്ഫൂർത്തിക്കു കാരണം ഗ്രന്ഥകാരനും കുചേലനും തമ്മിലുള്ള സാത്മ്യമാണ് —ഉപപാദിക്കുക.

13. വർണ്ണനാപ്രധാനമാണ് 'കൃഷ്ണഗാഥ' എന്ന അഭിപ്രായത്തെ 'ഹേമന്തവർണ്ണന' എത്രത്തോളം സാധൂകരിക്കുന്നുണ്ട് ?

14. മാപ്പിളപ്പാട്ടു സാഹത്യത്തിൽ 'ബദറുൽമുനീർ ഹുസ്നുൽ ജമാൽ' എന്ന കാവ്യത്തിനുള്ള ചരിത്രപരവും ഭാഷാപരവുമായ പ്രാധാന്യമെന്തെന്ന് വിശദമാക്കുക.

(4 × 3 = 12 weightage)

CHMK LIBRARY UNIVERSITY OF CALICUT

## Section C

*Answer any* **two** *questions.*
*Each question carriea 5 weightage.*

15. ലീലാതിലകത്തിലെ പാട്ടു ലക്ഷണത്തെ ഉല്ലംഘിച്ച കൃതിയാണ് രാമകഥപ്പാട്ട്—നിരൂപിക്കുക.

16. എഴുത്തച്ഛന്റെ വർണ്ണനാപാടവം 'വിരാടപർവ'ത്തിൽ എത്രത്തോളം പ്രകടമാകുന്നുണ്ടെന്ന് വിലയിരുത്തുക.

17. ജ്ഞാനത്തിന്റെ ക്ലിഷ്ടമാർഗ്ഗങ്ങളെ ദൂരെ തള്ളിക്കൊണ്ട് ഭഗവൽഭക്തിയുടെ സരള മാർഗ്ഗത്തെയാണ് 'ജ്ഞാനപ്പാന' പിന്തുടരുന്നത് —ഉപപാദിക്കുക.

18. മലയാളത്തിലെ മുക്തക പ്രസ്ഥാനത്തെക്കുറിച്ച് ഉപന്യസിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

D 93166 (Pages : 2) Name.....................................

Reg. No..................................

# FIRST SEMESTER M.A. DEGREE (SUPPLEMENTARY) EXAMINATION NOVEMBER 2020

(CUCSS)

Malayalam

MAL 1E 04 D—FEMINIST – DALIT – ECO LITERATURE

## (സ്ത്രീ ദളിത് പരിസ്ഥിതി സാഹിത്യം)

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. ഓരോന്നിനും അരപ്പുറത്തിൽ കവിയാതെ **പതിനാലു** ചോദ്യത്തിനും ഉത്തരമെഴുതുക. വെയിറ്റേജ് ഒന്ന് വീതം.

1 പരിസ്ഥിതി എന്നാലെന്ത് ? എത്ര വിധം ? ഏതെല്ലാം ? വിശദമാക്കുക.

2 ഡോക്യുമെന്ററി എന്തെന്ന് വ്യക്തമാക്കുക.

3 ദലിത് സാഹിത്യത്തിന്റെ പ്രധാന ലക്ഷ്യമെന്ത് ?

4 രാവണൻ സീതയുടെ ഏത് ആവശ്യമാണ് അംഗീകരിച്ചത് ?

5 പാരിസ്ഥിതിക സ്ത്രീവാദം.

6 ബിഹൈൻഡ് ദ മിസ്റ്റ്.

7 തോക്കു വാങ്ങുന്നതിനെപ്പറ്റി സംസാരിച്ച ഭാര്യയോട് ബഷീർ പറഞ്ഞതെന്ത് ?

8 ഡീപ്പ് ഇക്കോളജി എന്നാലെന്ത് ?

9 'ഞാനെനിക്കിഷ്ടമാം പേരു വിളിക്കയാം'—ആര് ? ഇഷ്ടപ്പെട്ട പേരുകൾ ഏതെല്ലാം ?

10 'മീൻ വാരികയ' ത്തിന് ആ പേരുണ്ടായതെങ്ങനെ?

11 സാഹിത്യത്തിൽ പരിസ്ഥിതി ദർശനങ്ങൾ എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്താണ് ?

12 വല്യമ്മ കണ്ണുരുട്ടിപ്പറഞ്ഞതെന്തായിരുന്നു ?

13 'അവന്റെ ആ ചോദ്യത്തിലെ നിസ്സഹായത എന്നെ നോവിപ്പിച്ചു'—ചോദ്യം എന്തായിരുന്നു ? കാരണമെന്ത് ?

14 ''നിരന്നിരിക്കുവോർ പലരാണെൻ മുന്നി-
ലവരെ ക്കൊല്ലാനുടൽ ത്രസിക്കുന്നു ''
—നിരന്നിരിക്കുന്നവർ ആരെല്ലാം ?

(14 × 1 = 14 weightage)

Turn over

CHMK LIBRARY UNIVERSITY OF CALICUT

II. ഓരോന്നിനും ഒന്നരപ്പുറത്തിൽ കവിയാതെ **ഏഴെണ്ണത്തിന്** ഉത്തരമെഴുതുക.വെയിറ്റേജ് രണ്ട് വീതം.

15 കുരുത്തോലപ്പാവാട കെട്ടൽ ചടങ്ങിന്റെ പ്രത്യേകതയെന്ത് ?

16 പാരിസ്ഥിതിക പ്രശ്നം 'തേൻവരിക്ക'യിൽ ദൃശ്യമാണോ ?

17 ദിനകരൻ പറഞ്ഞ ഭാവികഥ എന്തായിരുന്നു ?

18 അടിയ രാമായണത്തിലെ പ്രകൃതി ദർശനത്തെപ്പറ്റി വിവരിക്കുക.

19 "വിഷവാതമൂതാത്ത
വിഷവാണി കേൾക്കാത്ത
വിഷനീർ കുടിക്കാത്ത
നാടെവിടെ മക്കളേ !"
—സൂചിതമെന്ത് ?

20 ഡോക്യുമെന്ററിയും ഷോർട്ട് ഫിലിമും വ്യത്യസ്തമാകുന്നതെങ്ങനെ ?

21 സമ്പൂർണ്ണ ജൈവ വ്യവസ്ഥയുടെ കേന്ദ്രം എന്ന നിലയിൽ കാവുകളെ വിലയിരുത്തുക.

22 'തൗസന്റ് ഡെയ്സ് ആൻഡ് എ ഡ്രീമി'ലൂടെ സംവിധായകൻ വെളിവാക്കുന്ന ആശയലോകമെന്ത് ?

23 "അതിനും വയ്യല്ലോ ? ഭയം, ഭയം മാത്ര-
മടിമഞാൻ, തോറ്റൂ ! കുനിഞ്ഞിരിക്കുന്നു"
—എന്തിനാണ് വയ്യാത്തത് ?

24 "പ്രതീക്ഷിച്ച വിപത്തായിരുന്നുവെങ്കിലും വന്നു തലയിൽക്കയറിയപ്പോൾ ഇരുന്നു പോയി "—വിപത്ത് എന്തായിരുന്നു ?

(7 × 2 = 14 weightage)

III. **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. അഞ്ചു പുറത്തിൽ കവിയരുത്. വെയിറ്റേജ് നാല് വീതം :

25 കീഴാള മുന്നേറ്റത്തിൽ കേരളീയ നവോത്ഥാന പ്രസ്ഥാനങ്ങൾ വഹിച്ച പങ്കെന്ത് ? വിശദമാക്കുക.

26 മലയാളത്തിലെ സ്ത്രീപക്ഷ രചനകളുടെ പ്രത്യേകതകൾ കെ. സരസ്വതിയമ്മ, സാറാ ജോസഫ്, മാധവിക്കുട്ടി, പി. വത്സല എന്നിവരുടെ കഥകളെ ആധാരമാക്കി ചർച്ച ചെയ്യുക.

27 ദളിത് സ്വത്വനിർമ്മിതിയിൽ ഭാഷയ്ക്കുള്ള പങ്ക് പി.എ. ഉത്തമന്റെ കഥയെ മുൻനിർത്തി പരിശോധിക്കുക.

28 മലയാളത്തിലെ പാരിസ്ഥിതിക രചനകളുടെ സവിശേഷതകൾ അയ്യപ്പപ്പണിക്കർ, സുഗതകുമാരി എന്നിവരുടെ കവിതകളെ അടിസ്ഥാനമാക്കി നിരൂപിക്കുക.

(2 × 4 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

**D 93165** **(Pages : 2)** **Name.....................................**

**Reg. No..................................**

# FIRST SEMESTER M.A. DEGREE (SUPPLEMENTARY) EXAMINATION NOVEMBER 2020

(CUCSS)

Malayalam

MAL 1E 04 C—FICTION

**(കഥാസാഹിത്യം)**

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. ഓരോന്നിനും അരപ്പുറത്തിൽ കവിയാതെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക:

1 സി.എസ്. ഗോപാലപ്പണിക്കരുടെ 'ഒരു നീളം കുറഞ്ഞ കത്ത്' എന്ന കഥയിലെ കത്തിന്റെ ഉള്ളടക്കം എന്തായിരുന്നു ?

2 "മരത്തോക്കിനു മണ്ണുണ്ട, എനിക്കു പറ്റിയ ഭാര്യ നീ തന്നെ"—ഇങ്ങനെ പറഞ്ഞതാര് ? എപ്പോൾ ? വ്യക്തമാക്കുക.

3 'മോതിരം' എന്ന കഥയിലെ കുഞ്ചുനായർ മനയ്ക്കലെ ആനക്കാരനാകാൻ ഇടയായതെങ്ങനെ ?

4 "അമ്മച്ചീ ഏൻ വെളുത്ത സാരി ഉടുത്തൂടാരുന്നു ; തല ചീവണ്ടാരുന്നു. ഏന് അങ്ങനെ നാറി നടന്നാൽ മതിയായിരുന്നു"—ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

5 "ഉണ്ണാനില്ലാത്തവർക്കു വേണ്ടിയുള്ള സമരത്തിനിടയിൽ ചോറു വിളമ്പിത്തന്ന കൈകൾ ഞങ്ങൾ മറന്നു പോയി"—ഈ സ്വയം വിമർശനത്തിന് അടിസ്ഥാനമെന്ത് ?

6 "വെള്ളം നിറച്ച കുട്ടകത്തിനടുത്ത് പലകയിൽ പിടിച്ചിരുത്തി, അച്ചുതൻ നായർ പാത്രമെടുക്കാൻ പോയപ്പോൾ വേലായുധന് ഒരു യുക്തി തോന്നി"—വേലായുധന് തോന്നിയ ആ യുക്തി എന്തായിരുന്നു ?

7 'കവിയുടെ മരണം' എന്ന കഥയിലെ കവി കവിതയെഴുത്ത് നിർത്താൻ കാരണമെന്തായിരുന്നു ?

8 "ഈ തീപ്പൊരി പെൺകുട്ടി ഇത്ര സെന്റിമെന്റലോ. ഈ തീക്കുടുക്കയ്ക്കാവരണം തുഷാരബിന്ദുക്കളോ " —ആര്, ആരെക്കുറിച്ചാണ് ഇങ്ങനെ സന്ദേഹിക്കുന്നത് ? ഏത് സന്ദർഭത്തിൽ ?

9 ഗോവർധനനെ വധശിക്ഷയ്ക്കു വിധിക്കാൻ കാരണമെന്തായിരുന്നു ?

10 "സന്തോഷിക്കുമ്പോൾ എനിക്ക് ഒരു ഹൃദയവും ദുഃഖിക്കുമ്പോൾ ആയിരം ഹൃദയവുമാണ് ഡോക്ടർ " —വക്താവിന്റെ ഏത് മാനസികാവസ്ഥയാണ് ഈ വാക്കുകളിലൂടെ വെളിവാകുന്നത്? ?

11 തന്നെ ആരും തിരിച്ചറിയുന്നില്ല എന്ന ദുഃഖം രാധയ്ക്ക് ഉണ്ടാകുന്നത് ഏതെല്ലാം സന്ദർഭങ്ങളിലാണ് ?

12 "വിശ്വേട്ടൻ മരിക്കാൻ പോവ്വല്ലേ. ഇതു മരിച്ചവരുടെ പുസ്തകം"—ഏത് പുസ്തകത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത് ? അതിന്റെ ഉള്ളടക്കമെന്ത് ?

CHMK LIBRARY UNIVERSITY OF CALICUT

13 'ഉള്ളിത്തീയലും ഒമ്പതിന്റെ പട്ടികയും' എന്ന കഥയിലെ ജാനു തന്റെ കുടുംബത്തിന്റെ ഭാവിക്കു വേണ്ടി മുന്നോട്ടു വയ്ക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ?

14 'ഉമ്പർട്ടോ എക്കോ' എന്ന കഥയിലെ രാമകൃഷ്ണന് തന്റെ ഭാവി വധുവിനെക്കുറിച്ചുള്ള സങ്കല്പം എന്തായിരുന്നു ?

(14 × 1 = 14 weightage)

II. ഓരോന്നിനും ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ഏഴ്** ചോദ്യത്തിന് ഉത്തരമെഴുതുക.

15 പോലീസ് സൂപ്രണ്ടിന്റെ കൈക്കൂലിഭ്രമം അവസാനിപ്പിക്കാൻ ആഖ്യാതാവ് സ്വീകരിച്ച മാർഗ്ഗം എന്തായിരുന്നു ?

16 'കഥയൊന്നുമല്ല' എന്ന കഥയിലെ കള്ളന് സംഭവിച്ച അബദ്ധത്തെക്കുറിച്ച് വിവരിക്കുക.

17 "വല്ലപ്പോഴുമൊക്കെ ഈ സംഭവം ഓർക്കും. അധികവും നിലാവു കാണുമ്പോൾ"—ഏത് സംഭവം ? വിശദമാക്കുക.

18 'ചോലമരങ്ങൾ' എന്ന കഥയിലെ ലില്ലിക്കുട്ടി കന്യാസ്ത്രീയാകാൻ തീരുമാനിച്ചതിന്റെ കാരണം എന്തായിരുന്നു ?

19 അതീന്ദ്രിയാനുഭവം എന്ന ആശയം 'മൂന്നാമതൊരാൾ' എന്ന കഥയിൽ എങ്ങനെ ആവിഷ്കൃതമായിരിക്കുന്നു ?

20 'നിന്റെ കഥ (എന്റെയും)' എന്ന കഥയിൽ പൗലോസ് എന്ന ബാലൻ മരിക്കാനിടയായതെങ്ങനെ ? അതിനെക്കുറിച്ചുള്ള വിവിധ പ്രതികരണങ്ങൾ എന്തെല്ലാമായിരുന്നു ?

21 'ഒരിടത്ത്' എന്ന കഥയുടെ ആഖ്യാനപരമായ സവിശേഷതകൾ എന്തെല്ലാം ?

22 "നഖത്തിനിടയിൽ മൊട്ടുസൂചി കയറ്റിയപ്പോഴും തുട വരഞ്ഞ് കുരുമുളകു പൊടി തേച്ചപ്പോഴും തോന്നാത്ത ഒരു വേദന മനസ്സിൽ നിറഞ്ഞു"—ആരുടെ മനസ്സിൽ ? എപ്പോൾ ? വിശദീകരിക്കുക.

23 'ചെറ്റ' എന്ന കഥയിലെ ഇഹ്‌ലാസ്സിന്റെ ഉമ്മ മരിക്കാൻ കാരണമെന്തായിരുന്നു ?

24 അവഗണിക്കപ്പെടുന്ന വാർദ്ധക്യമാണ് 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയുടെ കേന്ദ്ര പ്രമേയം —വിശദമാക്കുക.

(7 × 2 = 14 weightage)

III. ഓരോന്നിനും അഞ്ചു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

25 അസ്വാഭാവികവും യുക്തിരഹിതവുമായ കഥാഗതി, കൃത്രിമത്വം നിറഞ്ഞ ഹാസ്യം, കേന്ദ്ര കഥാപാത്രത്തിനു പറ്റുന്ന അമളി, ഉത്തമ പുരുഷാഖ്യാനം തുടങ്ങിയവയാണ് മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ പൊതു സ്വഭാവം—പാഠ്യഭാഗത്തെ കഥകളെ മുൻനിർത്തി സമർത്ഥിക്കുക.

26 ദാമ്പത്യജീവിതത്തിലെ പിണക്കവും ഇണക്കവും സാധാരണക്കാരന്റെ ജീവിത പ്രശ്നങ്ങളും യഥാതഥമായി ആവിഷ്ക്കരിച്ചിരിക്കുന്ന കഥയാണ് പി. കേശവദേവിന്റെ 'ബസ്സുയാത്ര' ഉപപാദിക്കുക.

27 അഭൂതപൂർവമായ സംവേദന ചിത്രങ്ങളും വാക്കുകളുടെ ബോധപൂർവമായ സംവിധാനത്തിന്റെ ഫലമായ ലാസ്യതാണ്ഡവ പ്രഭേദങ്ങളും അടങ്ങിയിട്ടുള്ള കഥയാണ് കാക്കനാടന്റെ 'ശ്രീചക്രം' നിരൂപിക്കുക.

28 ഫെമിനിസ്റ്റ് തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ 'മുടിത്തെയ്യമുറയുന്നു' എന്ന കഥയെ വിലയിരുത്തുക.

(2 × 4 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

**D 93164** (Pages : 2) Name.......................................

Reg. No...................................

# FIRST SEMESTER M.A. DEGREE (SUPPLEMENTARY) EXAMINATION NOVEMBER 2020

(CUCSS)

Malayalam

MAL 1E 04 B—NARRATOLOGY

**(ആഖ്യാന ശാസ്ത്രം)**

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. താഴെ കൊടുത്തിരിക്കുന്ന **എല്ലാ** ചോദ്യങ്ങൾക്കും ഹ്രസ്വഖണ്ഡികയിൽ ഉത്തരമെഴുതുക.

1 വായനക്കാരനാണ് കൃതിയെ സംബന്ധിച്ചിടത്തോളം പ്രാധാന്യം എന്നു പറയുന്നതിനു കാരണമെന്ത് ?

2 ചിത്രകഥകളുടെ ആഖ്യാനഘടനയെക്കുറിച്ച് എഴുതുക.

3 റേഡിയോ നാടകത്തിന്റെ ആഖ്യാനം സാധാരണ നാടകത്തിൽ നിന്ന് വ്യത്യാസപ്പെടുന്നതെങ്ങനെ ?

4 ജനപ്രിയ നോവലിന്റെ പൊതുസ്വഭാവം എന്ത് ?

5 ആഖ്യാനങ്ങളെ എത്രയായി തിരിക്കാം ? അവ ഏവ ?

6 കാർട്ടൂണിനെ ആഖ്യാനത്തിൽ ഉൾപ്പെടുത്താത്തത് എന്തു കൊണ്ട് ?

7 ആഖ്യാനപഠനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

8 വാമൊഴിക്കഥകളുടെ പ്രത്യേകതകൾ എന്തെല്ലാം ?

9 നാടോടിക്കഥകളുടെ പഠനത്തിലൂടെ വ്ളാദിമിർ പ്രോപ്പ് വിശദീകരിച്ചതെന്ത് ?

10 ആയിരത്തൊന്നു രാവുകളിലെ കഥ പറച്ചിൽകാരി നേരിട്ട സാഹചര്യവും അതിനു കണ്ടെത്തിയ പരിഹാരവും എന്ത് ?

11 അന്യാപദേശം എന്നാലെന്ത് ? ഇതിന്റെ സവിശേഷ ഘടനയെക്കുറിച്ച് വ്യക്തമാക്കുക.

12 ടെലിവിഷൻ സീരിയലുകളുടെ ആഖ്യാനഘടനയിൽ കാണാനാവുന്ന പ്രത്യേകതകൾ എന്തെല്ലാം ?

13 മിത്തുകൾ എന്നാലെന്ത് ? സവിശേഷതകൾ എന്തെല്ലാം ?

14 ഖണ്ഡകാവ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

(14 × 1 = 14 weightage)

II. ഏതെങ്കിലും **ഏഴു** ചോദ്യത്തിന് വലിയ ഖണ്ഡികയിൽ ഉത്തരമെഴുതുക.

15 നാടോടിക്കഥകളുടെ രൂപവിജ്ഞാനീയം എന്ന ഗ്രന്ഥത്തിൽ ആഖ്യാനഘടകങ്ങൾ കണ്ടെത്തുന്നതിന് പ്രോപ്പ് സ്വീകരിച്ച ഉപാധികൾ എന്തെല്ലാം ?

16 മാധ്യമത എന്നാലെന്ത് ? ഏതെല്ലാം ഘടകങ്ങളാണ് ഇതിന് അടിസ്ഥാനം ? വിശദീകരിക്കുക.

CHMK LIBRARY UNIVERSITY OF CALICUT

17 കഥകൾ മാനസികാപഗ്രഥന സമീപനം സ്വീകരിക്കുമ്പോൾ ആഖ്യാനഘടനയിൽ പ്രത്യക്ഷമാവുന്ന വ്യത്യാസങ്ങൾ എന്തെല്ലാം ?

18 ഭാഷ, ശൈലി എന്നിവയിൽ പത്രലേഖനങ്ങൾ പുലർത്തുന്ന പ്രത്യേകതകൾ എന്തെല്ലാം ?

19 ജനപ്രിയ നോവലുകൾ സ്വീകരിക്കുന്ന രൂപം, ഭാവം, ഘടന എന്നിവയുടെ പ്രത്യേകതകൾ വിവരിക്കുക.

20 ആഖ്യാനഘടനയിൽ കടന്നു വരുന്ന ഫാബുല (കഥാജനകം), സ്യൂഷെ (കഥാജനിതം) എന്നിവയെക്കുറിച്ച് പ്രതിപാദിക്കുക.

21 സർഗ്ഗാത്മക കൃതികളുടെ ആഖ്യാനം നിർവഹിക്കുന്നതിന് സ്വീകരിക്കുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി ഖണ്ഡകാവ്യങ്ങളെക്കുറിച്ച് വിശദീകരിക്കുക.

22 ഹാസ്യകഥകളുടെ ആഖ്യാനഘടന മറ്റുള്ളവയിൽ നിന്നു വ്യത്യാസപ്പെടുന്നതെങ്ങനെ ?

23 കഥാപാത്രത്തിന്റെ ആന്തരികജീവിതത്തെ ആഖ്യാന ഘടനയുടെ പ്രത്യേകതയിലൂടെ നോവൽ ചിത്രീകരിക്കുന്നതെങ്ങനെ ?

24 സിനിമാഖ്യാനത്തെ സാധ്യമാക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുക.

(7 × 2 = 14 weightage)

III. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

25 മിത്തുകൾ, കെട്ടുകഥകൾ എന്നിവയിൽ കാണാൻ കഴിയുന്ന മാനസികാപഗ്രഥന സമീപനത്തിന്റെ പ്രത്യേകതകൾ എന്തെന്ന് വിശദമാക്കുക.

26 കാലം എന്ന സങ്കല്പത്തെ ആഖ്യാനവുമായി ബന്ധപ്പെട്ട് കഥാകാലം, ആഖ്യാനകാലം തുടങ്ങിയ വിവിധ രീതികളിൽ തരംതിരിക്കാനാവും—വിശദീകരിക്കുക.

27 ആഖ്യാനത്തിന്റെ ഭാരതീയ പാരമ്പര്യത്തെക്കുറിച്ച് ഉപന്യസിക്കുക.

28 ആഖ്യാനവുമായി ബന്ധപ്പെട്ട് ക്രിസ്റ്റഫർ ബുക്കർ അവതരിപ്പിക്കുന്ന അടിസ്ഥാനപരമായ ഏഴ് ഇതിവൃത്തങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.

(2 × 4 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

**D 93163** (Pages : 4) Name.....................................

Reg. No..................................

# FIRST SEMESTER M.A. DEGREE (SUPPLEMENTARY) EXAMINATION NOVEMBER 2020

(CUCSS)

Malayalam

## MAL 1C 03—MODERN POETRY

## (ആധുനിക കവിത)

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. ഒന്നു മുതൽ പതിനാലു വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഒരു വെയിറ്റേജ് വീതം.

1 "ശാന്തവീചിയതിൽ വീചിപോലെ സം-
ക്രാന്തഹസ്തമുടൽ ചേർന്നു തങ്ങളിൽ,
കാന്തനാദമൊടുനാദമെന്നപോൽ
കാന്തിയോടപരകാന്തി പോലെയും"

—കല്പനയുടെ സാരസ്യം വ്യക്തമാക്കുക.

2 "അപ്പപ്പോൾപ്പാതകം ചെയ്തതിന്നൊക്കെയു
മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം"

—സൂചിതം വ്യക്തമാക്കുക.

3 "പണ്ടവധൂതന്നൊരാചാര്യയായോരി-
പ്പുണ്ഡരീകാക്ഷിയാൾ തന്നുദന്തം-
ഊഴിതന്നോമനവെൺപുകൾ മേടയ്ക്കു
താഴികപ്പൊൻകുടം തർക്കമില്ല"

—ആശയം വ്യക്തമാക്കുക.

4 "വേദനവേദനലഹരിപിടിക്കും
വേദന ഞാനിതിൽ മുഴുകട്ടെ"

—കവി മനസ്സിലെ സംഘർഷം വിശദമാക്കുക.

Turn over

CHMK LIBRARY UNIVERSITY OF CALICUT

5 "വിടതരൂ ! മതിപോകട്ടെ ഞാനുമെൻ

നടനവിദ്യയും മുഖസംഗീതവും"

—വിവക്ഷിതമെന്ത് ?

6 "ലോലപീതാംബര ചാർത്തുകൾക്കപ്പുറം

പീലിമുടിവനമാലകൾക്കപ്പുറം

പ്രീതിപ്പൊലിമതൻപൊൻതിടമ്പാം മഹാ-

ജ്യോതിസ്വരൂപനെ കാണുന്നതില്ലയോ"

—സൂചിതമെന്ത് ?

7 നിമിഷത്തിന്റെ ചിറകടി ജീവസ്പന്ദനം ഉൾക്കൊള്ളുന്നതാണ്. ജിയുടെ ഈ സങ്കല്പം എത്രമാത്രം അർത്ഥ പൂർണ്ണമാണെന്ന് പരിശോധിക്കുക.

8 വിലാപകാവ്യങ്ങളുടെ പൊതുസ്വഭാവത്തെ വിലയിരുത്തുക.

9 എക്കാലത്തേയും മാതൃത്വത്തിന്റെ പ്രതീകമാണ് നങ്ങേലി—വിശദമാക്കുക.

10 "കരയാൻ വേണ്ടിയാണല്ലോ

കുഞ്ഞേ, പിറവിഭൂമിയിൽ

നിനക്കുമറിയാം കഥ !"

—കഥ എന്ത് ?

11 "വെളിച്ചം ദുഃഖമാണുണ്ണീ

തമസ്സല്ലോ സുഖപ്രദം"

—ഇങ്ങനെ പറയാനുള്ള കാരണമെന്ത് ?

12 "കടലാസിനികൈയിൽ

ക്കിട്ടുമ്പോ, ളെഴുതുവാൻ

കഠിനം – രാഗോജ്ജ്വല-

ഭ്രാന്തസങ്കല്പങ്ങളോ ?"

—വിവക്ഷിതമെന്ത് ?

13 "തുളസിക്കതിരുപോലെ വിശുദ്ധമായ കവിതയാണ് ബാലാമണിയമ്മയുടേത് " 'മഴുവിന്റെ കഥ' ഇതു ശരിവയ്ക്കുന്നുണ്ടോ ?

14 "അടിത്തിമിർക്കും തിമിർപ്പുകളിലെങ്ങെങ്ങു-

മാർത്തലയ്ക്കുന്നുമൃതിതാളം"

—ആശയമെന്ത് ?

(14 × 1 = 14 weightage)

CHMK LIBRARY UNIVERSITY OF CALICUT

II. പതിനഞ്ചു മുതൽ ഇരുപത്തിനാലു വരെ ഏഴെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. രണ്ടു വെയിറ്റേജ് വീതം.

15 "ദൈവം ചതിക്കുമൊരു
സർപ്പം ചതിക്കുമൊരു
പെണ്ണും ചതിക്കുമൊരുമർത്ത്യൻ"

—വരികളുടെ ആന്തരാർത്ഥമെന്ത് ?

16 "ചിലതുകൊടിമരങ്ങളായി
ചിലതുകഴുമരങ്ങളായി"

—കൊച്ചിയിലെ വൃക്ഷങ്ങൾക്കു വന്ന പരിണാമത്തെ കവി രേഖപ്പെടുത്തുന്നതെങ്ങനെ ?

17 "ചരിത്രബോധം കാവ്യത്തിന്റെ അന്തരാത്മാവായി വരുന്നവയാണ്, ആറ്റൂരിന്റെ പ്രകീർത്തിക്കപ്പെട്ട എല്ലാ കവിതകളും" 'അർക്കം' എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.

18 'മാപ്പുസാക്ഷി'യിൽ കുറ്റബോധത്തിന്റെ സ്വരമാണ് മുന്നിട്ട് നിൽക്കുന്നത്. ശരിയോ ?

19 'ക്രൂരവും മധുരവുമായ കവിത' എന്നാണ് എം.എൻ. വിജയൻ വൈലോപ്പിള്ളിക്കവിതയെക്കുറിച്ച് വിശേഷിപ്പിച്ചിട്ടുള്ളത്. 'സഹ്യന്റെ മകനെ' ആസ്പദമാക്കി വിലയിരുത്തുക.

20 "ദുഃഖമാണെന്നോ, ഭദ്രേ
വെണ്ണിലാവൊളിമായും
നീരവനിശകളിൽ
കുളിർകാറ്റണ-
ഞ്ഞെന്നിലുണർത്തും
ജന്മാന്തര സൗഹൃദസ്മരണകൾ"

—നിശ്ശബ്ദരാത്രികളിൽ കവിയിലുണരുന്ന മറ്റു ജന്മങ്ങളിലെ സ്നേഹസ്മരണകൾ എന്തെല്ലാം ?

21 നമ്മുടെ ജീവിതത്തിൽ കാൽപ്പനികമായി ഏറെയൊന്നും അവശേഷിക്കുന്നില്ലെന്ന് വ്യക്തമാക്കുന്ന കവിതയാണ് 'പനി'—വിശദമാക്കുക.

22 'വാക്കിന്റെ നടരാജനാണ് ഡി. വിനയചന്ദ്രനെ'ന്ന് വിശേഷിപ്പിക്കുന്നതെന്തുകൊണ്ടു ? 'വീട്ടിലേക്കുള്ള വഴി'യെ ആസ്പദമാക്കി ചർച്ച ചെയ്യുക.

23 "അവർക്കു വേണ്ടിയാണിടിമുഴക്കമി-
ന്നവരെത്തൊട്ടുഴിഞ്ഞകലുന്നമഴ"

—മഴയുടെ ഈ മുഖം പ്രകടമാക്കുന്നതെന്ത് ?

24 നഗരഗ്രാമസംഘർഷം 'പാർക്കിൽ' എന്ന കവിതയിൽ പ്രതിഫലിക്കുന്നതെങ്ങനെ ?

(7 × 2 = 14 weightage)



CHMK LIBRARY UNIVERSITY OF CALICUT

**D 93162** (Pages : 3) Name.....................................

Reg. No.....................................

# FIRST SEMESTER M.A. DEGREE (SUPPLEMENTARY) EXAMINATION NOVEMBER 2020

(CUCSS)

Malayalam

MAL 1C 02—EARLY MALAYALAM POETRY

**(ആദ്യകാല മലയാള കവിത)**

(2014 Admissions)

**Time : Three Hours** **Maximum : 36 Weightage**

I. **അരപ്പുറത്തിൽ** കവിയാതെ **പതിനാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1 "മണിവർണ്ണൻ മനുചനായ്പ്പൊരുത പോർക്കൊടുമതൻ
വഴിയുരൈപ്പതിനു കോലിനതെൻ മേതകൊടുഞാൻ"

—സന്ദർഭം ഭാഷാപരമായ പ്രത്യേകതകൾ എന്നിവ വ്യക്തമാക്കുക.

2 'തിരുനിഴൽമാല"യെന്ന ഗ്രന്ഥസംജ്ഞയുടെ അർത്ഥവ്യാപ്തി വിശദീകരിക്കുക.

3 കിഷ്ക്കിന്ധകാണ്ഡത്തിലെ ആദ്യ പാട്ടിന്റെ പ്രത്യേകത എന്ത് ?

4 നിരണം കവികൾ ആരെല്ലാം ? അവരുടെ പ്രത്യേകത എന്ത് ?

5 മണിപ്രവാളത്തിന് ലീലാതിലകം നൽകുന്ന ലക്ഷണം വ്യക്തമാക്കുക.

6 രാമകഥപാട്ട് ജനകീയ കാവ്യമായതെന്തുകൊണ്ട് ?

7 പ്രാചീന ചമ്പുക്കളിൽ ഉണ്ണിയച്ചീ ചരിതത്തിനുള്ള സ്ഥാനമെന്ത് ?

8 "കാളം പോലെ കുസുമധനുഷോഹന്ത ! പൂങ്കോഴി കൂകീ
ചോളം പോലെ ചെതറി വിളറീ താരകാണാം നികായം
താളംപോലെ പുലരിവനിതെക്കാഗതൗചന്ദ്രസൂര്യൗ
നാളംപോലെ നളിനികുഹരാദുദ്ഗതാഭ്യംഗരാജിഃ"

—അർത്ഥം വിശദമാക്കുക.

9 ഉണ്ണിയച്ചീ ചരിതത്തിന്റെ പ്രമേയമെന്ത് ?

10 പാട്ടും മണിപ്രവാളവും തമ്മിലുള്ള വ്യത്യാസമെന്ത് ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

11 ചന്ദ്രോത്സവം അഞ്ചാം ഭാഗത്തിലെ പ്രധാന വർണ്ണന എന്ത് ?

12 ചമ്പൂകാരന്മാരിൽ പുനത്തിനുള്ള സ്ഥാനമെന്ത് ?

13 "പാലം ഭോരാശിമദ്ധ്യേശശധരധവളേശേഷഭോഗേശയാനം

മേളം കോലുംകളായദ്യുതിയോടുപടതല്ലുന്നകാന്തിപ്രവാഹം

നാളുന്നേറിത്തുള്ളുമ്പും നിരുപമകരുണാ ഭാരതിമൃത്കടാക്ഷം

നാളീകത്താരിൽമാതിൻ കുളിർമുലയുഗളീഭാഗധേയം ഭജേഥാ"

—സാരസം വ്യക്തമാക്കുക.

14 അർണ്ണോസുപാതിരിയുടെ സാഹിത്യ സംഭാവനകൾ എന്തെല്ലാം ?

(14 × 1 = 14 weightage)

II. ഒന്നരപ്പുറത്തിൽ കവിയാതെ **ഏഴു** ചോദ്യത്തിന് ഉത്തരമെഴുതുക.

15 "പോരിൽ നീ മുന്നം മുടിത്തമയെടുത്തു പുകഴ്വാൻ

പോകി പോകചയനാ കവിയെനക്കരുൾ ചെയ്യേ "

—രാമചരിതത്തിലെ ഈ പ്രാർത്ഥനയുടെ പ്രത്യേകത വിശദീകരിക്കുക.

16 രുഗ്മിണീസ്വയംവര കഥ ചുരുക്കി വിവരിക്കുക.

17 ധർമ്മച്യുതിയിൽപ്പെട്ട് കിരാതവാസനകൾ ജനതയെ ഗ്രസിച്ചു കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് എഴുത്തച്ഛൻ കവിതാരചന നടത്തിയത് – പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.

18 പാർത്ഥസാരഥീ വർണ്ണനത്തിൽ പ്രതിഫലിക്കുന്ന എഴുത്തച്ഛന്റെ കാവ്യസിദ്ധികളെ വ്യക്തമാക്കുക.

19 "ഈശ്വരന്റെ വിലാസങ്ങളങ്ങനെ"—വിലാസങ്ങൾ എന്തെല്ലാം ?

20 പരിതഃസ്ഥിതികളുടെ പ്രതിഫലനം തുള്ളൽക്കവിതകളിൽ പ്രകടമാകുന്നുണ്ടോ ? കാവ്യഭാഗം ഉദ്ധരിച്ച് സ്വമതം സ്ഥാപിക്കുക.

21 ആത്മാർത്ഥതയും ആത്മാംശവും കലർന്ന ഒരുത്തമ കാവ്യമാണ് കുചേലവൃത്തം എന്നഭിപ്രായം ചർച്ച ചെയ്യുക.

22 നാടൻപാട്ടുകളുടെ സ്വഭാവം പയ്യനൂർപ്പാട്ടിന് എത്രത്തോളം യോജിക്കുന്നുവെന്ന് പരിശോധിക്കുക.

23 ബദറുൽ - മുനീർ - ഹുസ്നുൽ ജമാൽ എന്ന മാപ്പിള പാട്ടിലൂടെ മോയിൻകുട്ടി വൈദ്യർ പ്രസിദ്ധനായതെങ്ങനെ ?

24 മറ്റു സന്ദേശ കാവ്യങ്ങളിൽ നിന്നും 'മയൂര സന്ദേശം' വേറിട്ട് നിൽക്കുന്നതെങ്ങനെ ?

(7 × 2 = 14 weightage)

CHMK LIBRARY UNIVERSITY OF CALICUT

III. അഞ്ചു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

25 പച്ച മലയാള കവിതാപ്രസ്ഥാനം ഭാഷയെ സംബന്ധിച്ചിടത്തോളമെങ്കിലും നിഷേധാത്മകമായ ഒരു പരീക്ഷണ പ്രസ്ഥാനമായിരുന്നു. പാഠഭാഗത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

26 ആട്ടക്കഥാ പ്രസ്ഥാനത്തിൽ നളചരിതം ഒറ്റപ്പെട്ടു നിൽക്കുന്നതെന്തുകൊണ്ട് ?

27 കാല്പനാസുഭഗമായ കാവ്യം എന്ന് മഹാകവി ഉള്ളൂർ 'മലയവിലാസ'ത്തെ വിശേഷിപ്പിച്ചത് അർത്ഥവത്താണോ ? ചർച്ച ചെയ്യുക.

28 മലയാള വിലാപകാവ്യ പ്രസ്ഥാനത്തിൽ 'ഒരു വിലാപ'ത്തിനുള്ള സ്ഥാനമെന്ത് ?

(2 × 4 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

D 93161 (Pages : 2) Name.....................................

Reg. No...................................

# FIRST SEMESTER M.A. DEGREE (SUPPLEMENTARY) EXAMINATION NOVEMBER 2020

(CUCSS)

Malayalam

MAL 1C 01—EARLY MALAYALAM PROSE

**(ആദ്യകാല മലയാളഗദ്യം)**

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. ഓരോന്നിനും കുറിപ്പെഴുതുക.

1 ശാസനഭാഷ.

2 ആട്ടപ്രകാരം.

3 ബ്രഹ്മാണ്ഡ പുരാണം.

4 ഹോർത്തൂസ് മലബാറിക്കൂസ്.

5 ഗുണ്ടർട്ടിന്റെ ബൈബിൾ വിവർത്തനം.

6 രാജ്യസമാചാരം.

7 കേരള സാഹിത്യ ചരിത്രം.

8 സി.പി. അച്യുതമേനോന്റെ സാഹിത്യ നിരൂപണം.

9 'അക്ബറി'ലെ ഭാഷ.

10 ഭരണ ഭാഷാ മലയാളം.

11 തെളി മലയാളം.

12 വട്ടെഴുത്ത്.

13 ലിപ്യന്തരണരീതി.

14 തനതുലിപി.

(14 × 1 = 14 weightage)

II. ഓരോന്നിനും ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ഏഴു** ചോദ്യത്തിന് ഉത്തരമെഴുതുക.

15 നമ്പ്യാന്തമിഴ് എന്നാൽ എന്ത് ? അതിന്റെ ഭാഷാപരമായ സവിശേഷതകൾ എന്തെല്ലാം ?

16 'ഭാഷാകൗടലീയ'ത്തിന്റെ ചരിത്രപരവും ഭാഷാപരവുമായ പ്രാധാന്യമെന്ത് ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

17 ജരാർദ്ദിന്റെ ‘അലങ്കാരശാസ്ത്രം’ എന്ന ഗ്രന്ഥത്തെ പരിചയപ്പെടുത്തുക.

18 ‘ജ്ഞാനനിക്ഷേപം’ ഒന്നാം ലക്കത്തിന്റെ ഉള്ളടക്കം വിശദമാക്കുക.

19 മലയാള ഗദ്യരചനയ്ക്ക് ഏ.ആർ. രാജരാജവർമ്മയുടെ ‘സാഹിത്യസാഹ്യം’ നൽകിയ സംഭവനയെന്ത് ?

20 സാങ്കേതിക പദനിർമ്മാണം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണ് ?

21 പാഠപുസ്തക നിർമ്മാണരംഗത്ത് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ നൽകിയ സേവനങ്ങളെക്കുറിച്ച് ചുരുക്കി പ്രതിപാദിക്കുക.

22 ചിഹ്നങ്ങൾക്ക് ഗദ്യരചനയിലുള്ള പ്രാധാന്യമെന്ത് ?

23 മലയാളം എഴുത്തു വിദ്യയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ച് വിവരിക്കുക.

24 യൂണിക്കോഡ് ലിപിസഞ്ചയത്തിന്റെ സവിശേഷതകളും മേന്മകളും എന്തെല്ലാമാണ് ?

(7 × 2 = 14 weightage)

III. ഓരോന്നിനും അഞ്ചു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

25 മലയാളം തമിഴിന്റെ ഉപശാഖയാണെന്ന വാദം എത്രത്തോളം സ്വീകാര്യമാണെന്ന് പ്രാചീന ഗദ്യമാതൃകകളെ മുൻനിർത്തി പരിശോധിക്കുക.

26 ആധുനിക മലയാള ഗദ്യത്തിന്റെ വികാസത്തിന് വിദേശ മിഷനറിമാർ നൽകിയ സംഭാവനകൾ വിലയിരുത്തുക.

27 ഇന്റർനെറ്റിൽ മലയാളത്തിന്റെ സാന്നിദ്ധ്യവും സാധ്യതകളും അവലോകനം ചെയ്യുക.

(2 × 4 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT